# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 22**

---

**ഈ നേട്ടം കൈവരിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാല**

# മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് യുജിസിയുടെ കാറ്റഗറി 1 ഗ്രേഡ്

*മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ(യു.ജി.സി) കാറ്റഗറി 1 ഗ്രേഡ്. യുജിസിയുടെ മുൻകൂർ അനുമതിയില്ലാതെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഉൾപ്പെടെ സ്വയംഭരണാവകാശം ഉറപ്പാക്കുന്ന ഈ നേട്ടം കൈവരിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാലയാണ് എം.ജി.*

*നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ(നാക്) നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ നേടിയ എ ഡബിൾ പ്ലസ് ഗ്രേഡും 3.61 ഗ്രേഡ് പോയിന്റ് ശരാശരിയും ടൈംസ് ഹയർ എജ്യുക്കേഷന്റെ ആഗോള റാങ്കിൽ തുടർച്ചയായി നിലനിർത്തുന്ന മികവും കണക്കിലെടുത്താണ് കാറ്റഗറി 1 ഗ്രേഡിൽ മഹാത്മാ ഗാന്ധി സർവകലാശാലയെ ഉൾപ്പെടുത്തിയത്.*

*സർവകലാശാലയുടെ അപേക്ഷ പരിഗണിച്ച് ഈ മാസം 13നു ചേർന്ന യുജിസിയുടെ 588-ാമത്തെ യോഗം ഇതു സംബന്ധിച്ച് തീരുമാനമെടുക്കുകയായിരുന്നു. രാജ്യത്ത് 21 സ്റ്റേറ്റ് സർവകലാശാലകൾ മാത്രമാണ് ഈ വിഭാഗത്തിലുള്ളത്.*

*യുജിസിയുടെ 2018 ലെ ചട്ടങ്ങളിലെ നാലാം അനുച്ഛേദ പ്രകാരം അനുവദിക്കപ്പെടുന്ന സ്വയംഭരണാവകാശം പ്രയോജനപ്പെടുത്തി വിപുലമായ വളർച്ച കൈവരിക്കുന്നതിനുള്ള സാധ്യതയാണ് സർവകലാശാലയ്ക്കു മുന്നിൽ തുറക്കുന്നത്. സ്വന്തമായി നൂതന പാഠ്യപദ്ധതികളും പ്രോഗ്രാമുകളും വിഭാവനം ചെയ്ത് നടപ്പാക്കാനും ഓഫ് കാമ്പസുകൾ, പഠന കേന്ദ്രങ്ങൾ, പഠന വകുപ്പുകൾ, കോൺസ്റ്റിറ്റ്യുവന്റ് കോളജുകൾ, സയൻസ് പാർക്കുകൾ തുടങ്ങിയവ ആരംഭിക്കാനും കഴിയും.*

*യു.ജി.സിയുടെ അനുമതിയില്ലാതെ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾ നടത്താനാവുമെന്നതും കാറ്റഗറി 1 ഗ്രേഡിലുള്ള സ്വയംഭരണാവകാശത്തിന്റെ പ്രത്യേകതയാണ്.*

ഫോട്ടോ ക്യാപ്ഷൻ...

*മഹാത്മാ ഗാന്ധി സർവകലാശാല*

*(പി.ആർ.ഒ/39/1411/2025)*

- **എം.ജി സർവകലാശാലാ എൻ.എസ്.എസ് അവാർഡുകൾ സമ്മാനിച്ചു**

## സ്നേഹവീട് പദ്ധതി അഭിമാനകരം-മന്ത്രി വി.എൻ. വാസവൻ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്നേഹവീട് ഭവന നിർമാണ പദ്ധതി അഭിമാനകരമാണെന്ന് സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. നാഷണൽ സർവീസ് സ്കീമിന്റെ 2023-24 വർഷത്തെ അവാർഡ് ദാനവും സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.*

*സ്നേഹവീട് പദ്ധതിയിൽ സർവകലാശാലയുടെ വിവിധ കോളജുകളിലെ എൻ.എസ്.എസ് യൂണിറ്റുകൾ മുൻകൈ എടുത്ത് ഇതുവരെ 310 കുടുംബങ്ങൾക്ക് വീടുവച്ചു നൽകിയത് സമാനതകളില്ലാത്ത നേട്ടമാണ്. ലഹരിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങളിൽ എൻ.എസ്.എസ് വഹിക്കുന്ന പങ്ക് ഏറെ നിർണായകമാണ്. ഉയർന്ന സാമൂഹിക ബോധമുള്ള എൻ.എസ്.എസ് വോളണ്ടിയർമാർക്ക് ലഹരി പോലെയുള്ള സാമൂഹിക വിപത്തുകളുടെ വഴിയിലേക്ക് ചുവടുവയ്ക്കാനാവില്ല-അദ്ദേഹം കൂട്ടിച്ചേർത്തു.*

*സർവകലാശാലയിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ ഡോ. ബിജു തോമസ്, അഡ്വ. പി.ബി. സതീഷ്കുമാർ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, എൻ.എസ്.എസ് റീജിയണൽ ഡയറക്ടർ വൈ.എം. ഉപ്പിൻ, കൊളീജിയറ്റ് എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ആർ. പ്രഗാഷ്, എൻ.എസ്.എസ് ജില്ലാ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ. അജീഷ്, സർവകലാശാലാ എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ തുടങ്ങിയവർ പങ്കെടുത്തു.*

*മികച്ച എൻ.എസ്.എസ് യൂണിറ്റിനുള്ള പുരസ്കാരം പാലാ അൽഫോൻസാ കോളജിന് സമ്മാനിച്ചു. തൊടുപുഴ ന്യൂമാൻ കോളജിനാണ് രണ്ടാം സ്ഥാനം. മികച്ച*

*എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പലിനുള്ള പുരസ്കാരം അൽഫോൻസ കോളജിലെ പ്രിൻസിപ്പൽ റവ. ഡോ ഷാജി ജോൺ പുന്നത്താനത്തുകുന്നേലും മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള പുരസ്കാരം ഇതേ കോളജിലെ ഡോ. സിമിമോൾ സെബാസ്റ്റ്യനും ഏന്നുവാങ്ങി.*

*എൻ.എസ്.എസ് സർവകലാശാലാ തലത്തിൽ നടത്തിയ നാടൻ പാട്ടു മത്സര ത്തിലെ വിജയികൾക്കുള്ള സമ്മാനവും ചടങ്ങിൽ വിതരണംചെയ്തു. എറണാകുളം മഹാരാജാസ് കോളജ്, തൃക്കാക്കര കെ.എം.എം കോളജ്, കാലടി ശ്രീശങ്കര കോളജ് എന്നിവ യഥാക്രമം ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങൾ നേടി.*

**ഫോട്ടോ ക്യാപ്ഷൻ...**

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിന്റെ അവാർഡ് ദാനവും സംഗമവും മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/39/1412/2025)*

## <u>വൈവ വോസി</u>

*ആറാം സെമസ്റ്റർ ബിഎ ഫിലോസഫി സിബിസിഎസ് (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ അദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷ ഏപ്രിൽ 22 ന് ചങ്ങനാശ്ശേരി എൻഎസ്എസ് ഹിന്ദു കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

................

*ആറാം സെമസ്റ്റർ ബാചിലർ ഓഫ് ബിസിനസ് മാനേജ്മെന്റ് (ബി.ബി.എം സിബിസിഎസ് പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾ ഏപ്രിൽ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1413/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**